സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

തിരുവിതാംകൂർ ദേവസ്വം ബോർഡ് - ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് നിയമനങ്ങൾ ത്വരിതപ്പെടുത്തുന്നത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: **ROC 245/09/Est-1** നന്തൻകോട്, **29/03/2018**

---

പരാമർശം :- 1) പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ (ദേവസ്വം) വകുപ്പ് -ന്റെ 23-02-2018 ലെ റവ 108/ദേവ-2/2018-റവ നമ്പർ ഉത്തരവ്.

2)ദേവസ്വം കമ്മീഷണറുടെ 3-3-2018 ലെ ആർ.ഒ.സി. 6925/13/എസ്റ്റാ-എ നമ്പർ റിപ്പോർട്ട്.

## ഉത്തരവ്

ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് നിയമനങ്ങൾ ത്വരിതപ്പെടുത്തുന്നതിനുള്ള നടപടികൾ സംബന്ധിച്ച് ബഹു: ദേവസ്വം വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 14-02-2018 ന് കൂടിയ യോഗത്തിന്റെ മിനിറ്റ്സ് അനന്തര നടപടികൾ സ്വീകരിക്കുവാനായി റവന്യൂ (ദേവസ്വം) വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയിൽ നിന്നും ലഭിച്ചു (പരാമർശം -1).

ആയത് സംബന്ധിച്ചുള്ള ദേവസ്വം കമ്മീഷണറുടെ പരാമർശം 2 റിപ്പോർട്ട് ലഭിച്ചു.

ബോർഡ് ടി വിഷയം പരിശോധിച്ച് ചർച്ച ചെയ്തു. പ്രസ്തുത മിനിറ്റ്സിലെ തീരുമാനം, ദേവസ്വം കമ്മീഷണറുടെ റിപ്പോർട്ട് എന്നിവ കണക്കിലെടുത്ത് ചുവടെ വിവരിക്കുന്ന സംഗതികൾ ഉത്തരവാകുന്നു.

**(1)** യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സിൽ കഴിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ദേവസ്വം ബോർഡിൽ താൽക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവർക്ക് ഒരു വർഷത്തിൽ കുറയാത്ത സർവ്വീസുള്ള പക്ഷം അവർ നിയമനകാലത്ത് നിശ്ചിത പ്രായപരിധി കഴിഞ്ഞിട്ടില്ലാത്തവരാണെങ്കിൽ അവരുടെ താൽക്കാലിക സർവ്വീസിന്റെ ദൈർഘ്യത്തോളം ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നു.

**(2)** കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് നടത്തുന്ന എഴുത്ത് പരീക്ഷയുടെ അടിസ്ഥാനത്തിൽ ഷോർട്ട് ലിസ്റ്റിൽ വരാൻ യോഗ്യത നേടുന്ന (കട്ട് ഓഫ് മാർക്കും അതിന് മുകളിലും മാർക്ക് ലഭിക്കുന്ന) താൽക്കാലിക ജീവനക്കാർക്ക് ഒരു വർഷത്തിൽ കുറയാത്ത സർവ്വീസ് ഉള്ളപക്ഷം അവർ മറ്റുവിധത്തിൽ യോഗ്യരാണെങ്കിൽ അവരുടെ താൽക്കാലിക സേവന കാലഘട്ടം കണക്കാക്കി പൂർത്തീകരിച്ച ഓരോ മൂന്ന് വർഷത്തിനും ഒരു മാർക്ക് കണക്കിൽ പരമാവധി 5 മാർക്ക് വരെ ഗ്രേസ് മാർക്ക് അനുവദിക്കുന്നു.

**(3)** എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിച്ച താൽക്കാലിക ജീവനക്കാരുടെ തസ്തികകൾ കൂടി ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിൽ റിപ്പോർട്ട് ചെയ്യുന്നതിന് ഉത്തരവാകുന്നു. ദേവസ്വം കമ്മീഷണർ, ചീഫ് എഞ്ചിനീയർ (ജനറൽ) എന്നിവർ നടപടി സ്വീകരിക്കേണ്ടതാണ്.

(മറുപുറം)

FOP

(4) തിരുവിതാംകൂർ ദേവസ്വം ബോർഡിലെ സാദ്ധ്യമായ എല്ലാ ഒഴിവുകളും ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിൽ മാർച്ച് 31 നകം റിപ്പോർട്ട് ചെയ്യുന്നതിന് ദേവസ്വം കമ്മീഷണർ, ചീഫ് എഞ്ചിനീയർ (ജനറൽ) എന്നിവരെ ചുമതലപ്പെടുത്തുന്നു.

(5) ഡി.പി.സി. യിലേക്കുള്ള തിരുവിതാംകൂർ ദേവസ്വം ബോർഡിലെ നോമിനിയുടെ വിവരം ചർച്ച ചെയ്ത് തീരുമാനിക്കുന്നതാണ്.

(6) സ്പെഷ്യൽ റൂൾ സംബന്ധിച്ചുള്ള നടപടികൾ പൂർത്തിയാകുന്നതുവരെ ബോർഡ് റസലൂഷൻ പാസ്സാക്കി ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന് അയയ്ക്കുന്നതിന് തീരുമാനിച്ചു.

(7) തിരുവിതാംകൂർ ദേവസ്വം ബോർഡ് ക്ഷേത്ര ജീവനക്കാരുടെയും മിനിസ്റ്റീരിയൽ ജീവനക്കാരുടേയും പുനഃക്രമീകരണം നടത്തുന്നതിനുള്ള നടപടി അടിയന്തിരമായി പൂർത്തിയാക്കുന്നതിന് തീരുമാനിച്ചു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി

(ഒപ്പ്)
സെക്രട്ടറി

പകർപ്പ് :-

1. ദേവസ്വം കമ്മീഷണർ
2. പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ (ദേവസ്വം) വകുപ്പ്, ഗവൺമെന്റ് സെക്രട്ടറിയേറ്റ് - ആമുഖ കത്ത് സഹിതം
3. സെക്രട്ടറി, കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് - ടി
4. എല്ലാ ഡിപ്പാർട്ട്മെന്റ്/ആഫീസ് മേധാവികൾക്കും
5. ഇ.ഡി.പി. സെക്ഷൻ
6. സെക്ഷൻ ഫയൽ
7. ഫയൽ ബുക്ക്
8. ഫെയർ ആഫീസ് കോപ്പി

അംഗീകാരത്തോടെ/പുറപ്പെടുവിക്കുന്നത്

അസിസ്റ്റന്റ് സെക്രട്ടറി

SK